സെന്റ് എഫ്രേംസ് യു.പി.എസ്
കവീക്കുന്ന്

# അക്കാദമിക മാസ്റ്റർപ്ലാൻ

സ്കൂൾ തലം - 2025-26

# ഉള്ളടക്കം


1. വിവരശേഖരണം
2. ആമുഖം
3. ചരിത്രം
4. സ്കൂൾ പ്ലാൻ
5. ഹ്രസ്വകാല പ്രവർത്തനങ്ങൾ
6. മധ്യകാല പ്രവർത്തനങ്ങൾ
7. ദീർഘകാല പ്രവർത്തനങ്ങൾ
8. കാഴ്ചപ്പാട്
9. പൊതു ലക്ഷ്യങ്ങൾ
10. വാർഷിക കലണ്ടർ
11. ക്ലാസ് തല അക്കാദമിക് മാസ്റ്റർ പ്ലാനുകൾ

സ്കൂളിന്റെ പേര് : സെന്റ്. എഫ്രേംസ് യു.പി സ്കൂൾ കാവീക്കുന്ന്

യുഡൈസ് കോഡ് : 3210 1000 211

സ്ഥാപിതം : 1924 മാർച്ച് 2

തദ്ദേശ സ്വയ ഭരണ സ്ഥാപനം : പാലാ നഗരസഭ

വാർഡ് : VII

ബി.ആർ.സി : പാലാ

ഉപജില്ല : പാലാ

വിദ്യാഭ്യാസ ജില്ല : പാലാ

വില്ലേജ് : മീനച്ചിൽ

ബ്ലോക്ക് : ളാലം

റവന്യൂ ജില്ല : കോട്ടയം

മേൽവിലാസം : കിഴതടിയൂർ പി.ഒ, കാവീക്കുന്ന് പിൻ - 686574

ഇ - മെയിൽ : st.ephremupskaveekunnu@gmail.com

ഹെഡ്മാസ്റ്റർ : ശ്രീ. സജി ജോസഫ്

സീനിയർ അസിസ്റ്റന്റ് & SRG കൺവീനർ : ശ്രീമതി. ശാലിനി

പി.ടി.എ പ്രസിഡന്റ് : ശ്രീ.

# ആമുഖം

പാലാ പട്ടണത്തിന്റെ ഉച്ചിയിൽ കവീക്കുന്നിന് തിലകക്കുറിയായി, നാടിന് പൊൻപ്രഭ വിതറി, നിലകൊള്ളുന്ന സുന്ദര വിദ്യാലയമാണ് സെന്റ്. എഫ്രേംസ് യു.പി സ്കൂൾ കവീക്കുന്ന്. 101 വർഷങ്ങൾ പിന്നിടുന്ന ഈ വിദ്യാലയം തികച്ചും ഗ്രാമീണ അന്തരീക്ഷത്തിൽ വിരാജിക്കുന്നു. നാനാജാതി മതസ്ഥർ തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്തു നിന്ന് ജാതിമത ഭേദമന്യേ കുട്ടികൾ ഈ സ്കൂളിലെത്തി അറിവിന്റെ ആദ്യാക്ഷരങ്ങൾ അഭ്യസിക്കുന്നു.

പാഠ്യ - പാഠ്യേതര വിഷയങ്ങൾക്കൊപ്പം കായിക പരിശീലനത്തിനും പ്രാധാന്യം നൽകുന്ന ഈ സ്കൂൾ കുട്ടികളുടെ സർഗാത്മ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും അത്യന്തം പരിശ്രമിക്കുന്നു.

ഓരോ കുട്ടികളുടെയും സമഗ്ര വികസനമാണ് അധ്യാപകരുടെ ലക്ഷ്യം. പൊതു വിദ്യാഭ്യാസ യജ്ഞത്തിൽ ഭാഗഭാക്കുകളായി അധ്യാപകർ തങ്ങളുടെ കടമകൾ ഭംഗിയായി നിർവ്വഹിച്ചു വരുന്നു.

ശ്രീ.

നേതൃത്വത്തിൽ ഉള്ള പിടിഎ കമ്മിറ്റി സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാൻ പ്രത്യേക ശ്രദ്ധ ചെലുത്തുന്നു. ഇതിന് ചുക്കാൻ പിടിക്കുന്ന സ്കൂൾ മാനേജർ

റവ. ഫാ. ജോസഫ് വടക്കരയെ നന്ദിയോടെ സ്മരിക്കുന്നു.

നാടിനും നാട്ടുകാർക്കും അഭിമാനമായി വി. അപ്രേമിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥതയാൽ തിളങ്ങി നിൽക്കുന്ന സെന്റ്. എഫ്രേംസ് സ്കൂളിൽ നിന്നും ലോകത്തിനു തന്നെ മാതൃകകളായ അനേകം മഹത് വ്യക്തിത്വങ്ങൾ ഉയർന്നു വരട്ടെ.

നന്ദി,


ശ്രീ. സജി ജോസഫ്
ഹെഡ്മാസ്റ്റർ

## ചരിത്രം

1924 മാർച്ച് 2-ാം തീയതിയിലെ പൊതുയോഗ തീരുമാനപ്രകാരമാണ് ചിറക്കുഴിപ്പുറയിടത്തിൽ പ്രവർത്തിച്ചിരുന്ന പ്രൈമറി സ്കൂൾ പള്ളിപ്പുറയിടത്തിലേക്ക് മാറ്റി പണിയിച്ചത്. കിഴക്കേക്കര ബഹു. ജോസഫ് അച്ചനായിരുന്നു വികാരി. സർക്കാരിൽ നിന്നും അനുവാദം വാങ്ങി, പിന്നീട്, മാനേജ്മെന്റ് പള്ളിയിലേക്ക് എഴുതി വാങ്ങി.

## യു.പി സ്കൂളായി ഉയർത്തപ്പെടുന്നു.

സെന്റ്. എഫ്രേംസ് എൽ.പി സ്കൂളിൽ നിന്നും 4-ാം ക്ലാസ് ജയിക്കുന്ന വിദ്യാർത്ഥികൾ പാലായിലും ഭരണങ്ങാനത്തും മറ്റും ഉപരിപഠനത്തിന് പോകേണ്ടിയിരുന്നു. ഈ ബുദ്ധിമുട്ട് കണക്കിലെടുത്ത് പ്രൈമറി സ്കൂൾ ഒരു യു.പി സ്കൂളായി ഉയർത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തി. 1968 ജൂണിൽ സെന്റ്. എഫ്രേംസ് എൽ.പി സ്കൂൾ, യു.പി സ്കൂളായി ഉയർത്തപ്പെട്ടു.


School Compound
7-05 m
6.5 m
7.05 m
Std - IV
OFFICE ROOM
Std - III
Std - I
- Semi permanent portion
Std - V
LAB ROOM
SITE PLAN OF ST. EPHREM'S UPS KAVEEKUNNU 2025-26
Play Ground
Semi permanent Building-length-51.65 mtrs (51.65*6.50*3.70)
Permanent Building length-29.35 mtrs (2*29, 35*3.50)*7.05
Std - VII
Std - VI
Std - II
27.55 m
26.85 m
6.5 m

# പ്രവേശകാല
## പ്രവർത്തനങ്ങൾ

- കലാപരവും, കായികവും സാംസ്കാരികവുമായ പ്രവർത്തനങ്ങളുടെ ആരംഭം കുറിക്കുന്നു.
- വിവര സാങ്കേതിക മേഖലയിൽ നൈപുണ്യം നേടാനുതകുന്ന നവീന പ്രവർത്തനങ്ങളുടെ ആരംഭം.
- വിവിധ ജീവിത നൈപുണ്യമേഖലകളുടെയും, അവയുടെ പ്രവർത്തനങ്ങളുടെയും ആരംഭം കുറിക്കുന്നു.
- ക്ലബ്ബുകളുടെ പ്രവർത്തനം സജീവമാക്കാൻ ആരംഭം കുറിക്കുന്നു.
- ഭാഷാപരമായ നൈപുണ്യങ്ങൾ നേടാനുതകുന്ന നവീന പ്രവർത്തനങ്ങൾക്ക് ആരംഭം നൽകുന്നു.

## മധ്യകാല
## പ്രവർത്തനങ്ങൾ

* മലയാള ഭാഷയിൽ കൂടുതൽ ശേഷി നടത്തുവാനാകുന്ന വിവിധ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്നു. മലയാളത്തിളക്കത്തിൽ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നു. വായനയിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ വായനവാരം, അധിക വായന, പത്രമാസികകളുടെ ലഭ്യത, ലൈബ്രറി പുസ്തകങ്ങളുടെ വായന

* ഹരിതക്ലബ്ബുകളും, ജൈവവൈവിധ്യ പാർക്കുകളും, പച്ചക്കറിത്തോട്ടം, പൂന്തോട്ടപരിപാലനം.

* കലാ, കായിക, ശേഷികളുടെ സമ്പൂർണ്ണ വികസനത്തിന് പകരുന്ന നവീന പ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്നു. നാടൻപാട്ട്, അഭിനയം, കവിത, നൃത്തം തുടങ്ങിയ പരിശീലനം വിദ്യാരംഗം സജീവമാക്കുന്നു.

# ദീർഘകാല പ്രവർത്തനങ്ങൾ

* കൈയെഴുത്ത് മാസിക, മലയാളത്തിളക്കം, ശ്രദ്ധ, ഡയറി, പോർട്ട് ഫോളിയോ, പഠ ചാർട്ട്, വായനക്കുറിപ്പ് തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ കാര്യക്ഷമമായ തുടക്കം കുറിക്കുന്നു.
* സയൻസ് ക്ലബ്, സോഷ്യൽ സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് തുടങ്ങിയവയുടെ മികവ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നു.
* ലൈബ്രറി പ്രവർത്തനം, കൂടുതൽ ക്രിയാത്മകമാക്കുന്നു. വായനാമൂലയിൽ കൂടുതൽ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി വായന സാമഗ്രികൾ നൽകുന്നു.
* കലാപരവും പ്രവൃത്തി പരിചയപരവുമായ വർക്ക് ഷോപ്പുകൾ നടത്തി കൂടുതൽ മികവുറ്റ കുട്ടികളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് തിരഞ്ഞെടുക്കുന്നു.

# കാഴ്ചപ്പാട്

എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസനത്തിനും ഉള്ള അവസരങ്ങൾ ഉണ്ടാക്കുക. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

* മികച്ച ശാരീരിക മാനസിക വൈകാരിക ആരോഗ്യം ഉറപ്പാക്കുക.
* മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ് ഭാഷയിൽ ഉയർശേഷി കൈവരിക്കാനാവശ്യമായ രീതി ശാസ്ത്രം വികസിപ്പിക്കുക.
* ആരോഗ്യകരമായ സ്ത്രീ പുരുഷബന്ധത്തെക്കുറിച്ചും, തുല്യതയെക്കുറിച്ചും, ലിംഗസമത്വത്തെക്കുറിച്ചുമുള്ള കാഴ്ചപ്പാട് സ്കൂൾ ഘട്ടത്തിൽ തന്നെ കുട്ടികൾക്കുണ്ടാക്കാനാവശ്യമായ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുക.
* ശ്രദ്ധയുറപ്പാക്കാൻ ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.
* സംഘ പഠനവുൾപ്പെടെയുള്ള വൈവിധ്യമാർന്ന മാർഗ്ഗങ്ങളിലൂടെ ആർജ്ജിക്കുന്ന അറിവുകളും കഴിവുകളും വ്യക്തിഗതമായി വിലയിരുത്തുന്ന രീതി അവലംബിക്കുക.
* തുടർച്ചയായതും സമഗ്രമായതും മൂല്യ നിർണ്ണയ പ്രക്രിയ, വിലയിരുത്തലിന്റെ അവിഭാജ്യ ഭാഗമാക്കി മാറ്റുക.

* പരിസരബന്ധിതവും ജീവിതഗന്ധിയും ആകുവാൻ പഠനത്തെ ആവാസ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അതുവഴി സ്കൂൾ ക്യാമ്പസ് ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റുക.
* പരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യ നിർമ്മാർജ്ജന അവബോധം, വിമർശന അവബോധം എന്നിവ ഉളവാക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.
* പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുൾപ്പെടെ, ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ പഠന പ്രവർത്തനത്തിനായി വിനിയോഗിക്കുക.
* സമയ ബന്ധിതമായ ഉദ്യോഗസ്ഥതല മോണിറ്ററിംഗ് സംവിധാനം ഉറപ്പാക്കുക.

# പൊതുലക്ഷ്യങ്ങൾ

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സാർത്ഥകമാക്കാൻ ഉദ്ദേശിക്കുന്ന പൊതുവായ കാര്യങ്ങൾ പൊതു ലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്നുറപ്പുവരുത്തുക.
* ഓരോഘട്ടം പൂർത്തിയാക്കുമ്പോഴും ലോവർ പ്രൈമറി കുട്ടി നേടേണ്ട അറിവുകളും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷകർത്താക്കളുടങ്ങുന്ന സമൂഹത്തെ അറിയിക്കും.
* കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന, ദേശീയ, അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും, വായിക്കാനും, എഴുതാനുമുള്ള കഴിവ് ഉറപ്പ് വരുത്തും.
* പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഈ വിദ്യാലയത്തിന്റെ ഉയിർത്തെഴുന്നേൽപ്പ് ഞങ്ങൾ ലക്ഷ്യമിടുന്നു.
* കുട്ടികളുടെ എണ്ണത്തിൽ ഘട്ടംഘട്ടമുള്ള വർദ്ധനവ് ലക്ഷ്യമിടുന്നു. 5 വർഷം കൊണ്ട് കുട്ടികളുടെ എണ്ണം 100 ന് മുകളിൽ എത്തിക്കുക എന്നതാണ് ഞങ്ങളുടെ സ്വപ്ന പദ്ധതി.

# വാർഷിക
# കലണ്ടർ

## ജൂൺ

ജൂൺ 1 - ലോക ക്ഷീരദിനം
ആഗോള രക്ഷകർതൃ ദിനം
ജൂൺ 5 - ലോക പരിസ്ഥിതി ദിനം
ജൂൺ 8 - സമുദ്ര ദിനം
ജൂൺ 12 - ബാലവേല വിരുദ്ധ ദിനം
ജൂൺ 14 - അന്തർദേശീയ രക്തദാന ദിനം
ജൂൺ 19 - വായന ദിനം
ജൂൺ 21 - ലോക സംഗീതദിനം
അന്താരാഷ്ട്ര യോഗ ദിനം
ജൂൺ 26 - ലോക ലഹരി വിരുദ്ധ ദിനം
ലോക പോളിയോ വാക്സിനേഷൻ ദിനം

## ജൂലായ്

1 - ഡോക്ടേഴ്സ് ദിനം
5 - ബഷീർ ദിനം
11 - ലോക ജനസംഖ്യ ദിനം
12 - മലാല ദിനം
16 - ദേശീയ സ്കൂൾ സുരക്ഷ ദിനം
21 - ചാന്ദ്രദിനം
27 - ഡോ. APJ അബ്ദുൾ കലാം ഓർമ ദിനം

28 - ലോക പ്രകൃതി സംരക്ഷണ ദിനം
30 - അന്താരാഷ്ട്ര സൗഹൃദ ദിനം

ആഗസ്റ്റ്

6 - ഹിരോഷിമ ദിനം
7 - ദേശീയ കൈത്തറി ദിനം
ടാഗോർ ഓർമ ദിനം
സംസ്കൃത ദിനം
8 - ക്വിറ്റ് ഇന്ത്യ ദിനം
9 - നാഗസാക്കി ദിനം
12 - ലോക യുവജന ദിനം
13 - ലോക അവയവദാന ദിനം
15 - ഇന്ത്യൻ സ്വാതന്ത്ര്യ ദിനം
17 - കർഷക ദിനം
19 - മനുഷ്യസ്നേഹി ദിനം
20 - ശ്രീ നാരായണഗുരു ജയന്തി
സദ്ഭാവനാ ദിനം
22 - ലോക നാട്ടറിവ് ദിനം
25 - ചട്ടമ്പിസ്വാമി ദിനം
28 - അയ്യങ്കാളി ജയന്തി
29 - ദേശീയ കായിക ദിനം

## സെപ്തംബർ

2 - ലോക നാളികേര ദിനം
5 - ദേശീയ അധ്യാപക ദിനം
8 - ലോക സാക്ഷരതാ ദിനം
14 - ദേശീയ ഹിന്ദി ദിനം
16 - ഓസോൺ ദിനം
21 - ശ്രീ നാരായണഗുരു സമാധി ദിനം
ലോക അൽഷിമേഴ്സ് ദിനം
ലോക സമാധാന ദിനം
27 - ലോക വിനോദ സഞ്ചാര ദിനം
28 - ലോക ഹൃദയ ദിനം
ലോക വിവരാവകാശ ദിനം

## ഒക്ടോബർ

1 - ലോക വയോജന ദിനം
2 - ഗാന്ധി ജയന്തി
അന്തരാഷ്ട്ര അഹിംസ ദിനം
4 - ലോക ക്ഷേമ ദിനം
5 - അന്തരാഷ്ട്ര അധ്യാപക ദിനം
6 - ലോക പുഞ്ചിരി ദിനം
8 - വ്യോമസേന ദിനം
9 - ലോക തപാൽ ദിനം
10 - ദേശീയ തപാൽ ദിനം
ദേശീയ മാനസികാരോഗ്യ ദിനം
13 - സംസ്ഥാന കായിക ദിനം
ലോക കാഴ്ച ദിനം

15 - ലോക വിദ്യാർത്ഥി ദിനം
ലോക കൈ കഴുകൽ ദിനം
16 - ലോക ഭക്ഷ്യ ദിനം
17 - ലോക ദാരിദ്ര്യ നിർമാർജ്ജന ദിനം
ലോക ആയുർവേദ ദിനം
24 - ഐക്യരാഷ്ട്ര ദിനം
30 - ദേശീയ സമ്പാദ്യ ദിനം
31 - ദേശീയ പുനരർപ്പണ ദിനം

## നവംബർ

1 - കേരളപ്പിറവി
7 - അർബുദ ബോധവൽക്കരണ ദിനം
- സ്കൗട്ട്സ് & ഗൈഡ്സ് സ്ഥാപക ദിനം
9 - ദേശീയ നിയമ സേവന ദിനം
- ലോക ഉറുദു ദിനം
10 - അന്താരാഷ്ട്ര ശാസ്ത്രദിനം
ഗതാഗത ദിനം
11 - ദേശീയ വിദ്യാഭ്യാസ ദിനം
12 - ദേശീയ പക്ഷി നിരീക്ഷണ ദിനം
14 - ശിശുദിനം
- ലോക പ്രമേഹ ദിനം
16 - ദേശീയ പത്ര ദിനം
19 - ദേശീയ പൗരാവകാശ ദിനം
25 - ദേശീയ ക്ഷീര ദിനം
26 - ദേശീയ നിയമ ദിനം

## ഡിസംബർ

1 - ലോക എയ്ഡ്സ് ദിനം
2 - ലോക കമ്പ്യൂട്ടർ സാക്ഷരതാ ദിനം
3 - മലിനീകരണ നിയന്ത്രണ ദിനം
ദേശീയ ഭിന്നശേഷി ദിനം
4 - ദേശീയ നാവിക ദിനം
5 - അന്താരാഷ്ട്ര മണ്ണ് ദിനം
ദേശീയ മാതൃസുരക്ഷ ദിനം
10 - ലോക മനുഷ്യാവകാശ ദിനം
14 - ഊർജ്ജസംരക്ഷണ ദിനം
22 - ദേശീയ ഗണിത ദിനം
23 - ദേശീയ കർഷക ദിനം
24 - ദേശീയ ഉപഭോക്തൃ ദിനം
25 - എം.ടി ഓർമദിനം

## ജനുവരി

9 - ദേശീയ പ്രവാസി ദിനം
10 - ലോക ഹിന്ദി ദിനം
11 - ലോക ചിരി ദിനം
12 - സ്വാമി വിവേകാനന്ദ ജയന്തി
15 - ഇന്ത്യൻ കരസേന ദിനം
23 - നേതാജി ദിനം
- ദേശീയ കൈയ്യക്ഷര ദിനം
24 - ദേശീയ ബാലിക ദിനം

25 - ദേശീയ വിനോദ സഞ്ചാര ദിനം
26 - റിപ്പബ്ലിക്ക് ദിനം
29 - ഇന്ത്യൻ പത്ര ദിനം
30 - രക്തസാക്ഷി ദിനം

## ഫെബ്രുവരി

2 - ലോക തണ്ണീർത്തട ദിനം
4 - ലോക അർബുദ ദിനം
7 - ഇന്റർനെറ്റ് സുരക്ഷ ദിനം
9 - ദേശീയ സെൻസസ് ദിനം
13 - ഒ.എൻ.വി ഓർമ ദിനം
ലോക റേഡിയോ ദിനം
19 - പഞ്ചായത്ത് രാജ് ദിനം
20 - ലോക സാമൂഹിക നീതി ദിനം
21 - ലോക മാതൃഭാഷ ദിനം
28 - ദേശീയ ശാസ്ത്ര ദിനം

# മാർച്ച്

3 - ലോക വന്യജീവി ദിനം
4 - ദേശീയ സുരക്ഷാ ദിനം
8 - ലോക വനിതാ ദിനം
ലോക വൃക്ക ദിനം
15 - ലോക ഉ_ഭോക്തൃ ദിനം
16 - ദേശീയ വാക്സിനേഷൻ ദിനം
20 - ലോക സന്തോഷ ദിനം
21 - ലോക വന ദിനം
22 - ലോക ജല ദിനം
23 - ലോക കാലാവസ്ഥ ദിനം
24 - ലോക ക്ഷയരോഗ ദിനം
27 - ലോക നാടകദിനം
30 - ഒ വി വിജയൻ ഓർമദിനം